കാപ്പ ചുമത്തി ജയിലിലടച്ച പ്രതികളുടെ അപ്പീൽ കാപ്പ ഉപദേശക സമിതി തള്ളി. നിരന്തര കുറ്റവാളികളായ മലയാറ്റൂർ കാടപ്പാറ ചെത്തിക്കാട്ട് വീട്ടിൽ രതീഷ് (കാര രതീഷ് 38 ), പള്ളിപ്പുറം ചെറായി വാടേപ്പറമ്പിൽ രാജേഷ് (തൊരപ്പൻ രാജേഷ് 51 ) എന്നിവരുടെ അപ്പീലുകളാണ് തള്ളിയത്. കാലടി സനൽ വധക്കേസിലെ പ്രതിയായ രതീഷ് കൊലപാതക ശ്രമം, ആയുധം കൈവശം വയ്ക്കൽ, സ്ഫോടക വസ്തു നിയമം, മതസ്പർധ വളർത്തൽ തുടങ്ങി പതിനഞ്ചോളം കേസുകളിൽ പ്രതിയാണ്. വീട് കയറി ആക്രമണം, കവർച്ച, അടിപിടി, പോലീസിനെ ആക്രമിക്കൽ തുടങ്ങി മുപ്പതോളം കേസുകൾ രാജേഷിന്റെ പേരിലുണ്ട്.